പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6907 10.7.2014 ന് മറുപടിക്ക്

<u>പുനരധിവാസ വകുപ്പിനായി നീക്കിവെച്ച തുക</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് പുനരധിവാസ വകുപ്പിനായി ഓരോ സാമ്പത്തിക വർഷവും എന്തു തുക നീക്കി വെച്ചെന്ന് വിശദമാക്കാമോ ;<br><br>ബി) നീക്കി വെച്ച തുകയിൽ ഓരോ വർഷവും എന്തു തുക വീതം ഏതെല്ലാം പദ്ധതികൾക്കായി ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ ;<br><br>സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും എത്ര പേരെ വീതം പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ)(ബി)&(സി) പുനരധിവാസത്തിനായി പ്രത്യേക വകുപ്പ് തൊഴിലും പുനരധിവാസവും വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ശ്രീലങ്കൻ റിപ്പാട്രിയേറ്റുകളെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിൽ , ശ്രീലങ്കയിൽ നിന്ന് റിപ്പാട്രിയേറ്റ് ചെയ്യപ്പെട്ട ഇന്ത്യൻ വംശജരായ 700 കുടുംബങ്ങളെ കുടുംബത്തിൽ രണ്ട് പേർക്ക് വീതം പ്രസ്തുത സ്ഥാപനത്തിൽ ജോലി നൽകി പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇതിനായി സർക്കാരിൽ നിന്ന് തുകയൊന്നും നീക്കി വെച്ചിട്ടില്ല.<br><br>സംസ്ഥാന തൊഴിൽ വകുപ്പിൽ , ഭവനം ഫൗണ്ടേഷൻ എന്ന സ്ഥാപനം അനുവദിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ, സ്ഥലം കണ്ടെത്തൽ, നടത്തിപ്പ് എന്നിവ പ്രാരംഭദശയിലാണ്. |

സെക്ഷൻ ഓഫീസർ